നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ പദ്ധതി പരിസര പ്രദേശത്ത് വ്യാപിപ്പിച്ചതുകൊണ്ട് എല്ലായിടത്തും വെള്ളം നൽകാൻ ഇതിന്റെ സോഴ്സിൽ വെള്ളമില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. രണ്ടാമത് ഇതിന്റെ പമ്പിംഗ് മെയിൻ പൊട്ടിക്കിടക്കുകയാണ്. ഇതു കൊണ്ട് രണ്ടു കാര്യങ്ങളാ ചെയ്യേണ്ടതായിട്ടുണ്ട്. ഒരു, താല്ക്കാലിക പരിഹാരം എന്നുള്ള നിലയിൽ നമുക്ക് ചെയ്യേണ്ടത്, പഴശ്ശിയിൽ നിന്നും വെള്ളം ഇതിന്റെ സോഴ്സിലേക്ക് അടിച്ച് സോഴ്സിൽ കൂടുതൽ വെള്ളം ഉണ്ടാക്കുകയാണ്. അതിന്റെ ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന് ശാശ്വതപരിഹാരം വേണമെങ്കിൽ പഴശ്ശി പദ്ധതിയിൽ നിന്ന് വെള്ളമെടുത്ത് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് സാധിക്കണം. അതിനായി ഏകദേശം 35 കോടി രൂപ അടങ്കൽ വരുന്ന ഒരു പദ്ധതിയുണ്ട്. ആ പദ്ധതി എത്രയും വേഗം നടപ്പിലാക്കിയെങ്കിൽ മാത്രമേ ഈ പ്രശ്നത്തിന് പൂർണ്ണമായും പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. പക്ഷേ താല്ക്കാലികമായി ഇപ്പോൾ ചെയ്യാൻ ഉദ്ദേശിക്കുന്നത് ശുദ്ധീകരണശാലയുടെ ശുദ്ധീകരണശേഷി നാലര എം.ടി.ഡി.യിൽ നിന്ന് ആറ് എം.ടി.ഡി.യായി ഉയർത്തുന്നതിനും പഴയ കോൺക്രീറ്റ് പൈപ്പുകളുടെ പ്രവർത്തനശേഷി കുറവായതിനാൽ സമാന്തരമായി പുതിയ കാസ്റ്റ് അയൺ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുമാണ്. അതിനുവേണ്ടിയുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഇതിനായി ഏതാണ്ട് ഒരു കോടി എൺപതു ലക്ഷം രൂപയുടെ മുതൽമുടക്ക് വേണ്ടിവരും. ഇത് നല്ല കാര്യവും ആവശ്യവുമായതുകൊണ്ട് ഇത്രയും തുക മുടക്കി അത് സ്വീകരിക്കുകയാണ്.

(4) പുന്നയൂരിലെ മുരളീധരന്റെ മരണം

ശ്രീ. പി. കെ. കെ. ബാവ : സർ, മുപ്പതു വർഷം ആർമിയിൽ സേവനമനുഷ്ഠിച്ച് ജെ. സി. ഒ. ആയി 1977-ൽ ജോലിയിൽ നിന്ന് വിരമിച്ച എന്റെ മണ്ഡലത്തിലെ പുന്നയൂരിലെ ടി. അറുമുഖന്റെ ഏക മകൻ മുരളീധരൻ ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്തിൽ ഇൻഡ്യൻ നേവി വക 'കട്ടിയാൽ' എന്ന കപ്പലിൽ 1980 മുതൽ സീമാൻ ആയി ജോലി ചെയ്യുകയായിരുന്നു. 16-9-1986-ൽ ജോലി സ്ഥലത്തു നിന്നും വിജയവാഡയിലെത്തിയ മുരളീധരൻ 17-9-1986-ൽ അവിടെ പോലീസ് സ്റ്റേഷനിൽ ക്രൂരമായ മർദ്ദനത്തിനും ലോക്കപ്പ് മരണത്തിനു വിധേയനായി പുറത്തുകാണാവുന്ന പരിമുറിവുകളോടെ മുരളീധരന്റെ ദേഹത്തുണ്ടായിരുന്നു. ജോലി സ്ഥലത്ത് നിന്നും മുരളീധരൻ പുറപ്പെടുമ്പോൾ 2,400 രൂപ കയ്യിലുണ്ടായിരുന്നു. പണം തട്ടിയെടുത്ത് പോലീസ് കൊലചെയ്തുവെന്ന് ജനങ്ങൾ സംശയിക്കുന്നു. ഇതിന്റെ പേരിൽ വിജയവാഡയിൽ ബന്ത് പോലും നടക്കുകയുണ്ടായി. എന്നാൽ ഫലപ്രദമായ നടപടികളും ഒന്നും ഉണ്ടായില്ല. ഔദ്യോഗിക ജോലിയിൽനിന്ന് വിരമിച്ച, അച്ഛനും അമ്മയും രണ്ടു സഹോദരൻമാരും ഭാര്യയും രണ്ടു വയസ്സുപോലും തികയാത്ത പിഞ്ചുകുഞ്ഞും അടങ്ങുന്നതാണ് മുരളീധരന്റെ കുടുംബം. ഈ കുടുംബം ഇന്ന് തീർത്തും അനാഥമാണ്. ഒരച്ഛനും അമ്മയ്ക്കും ഇങ്ങനെയുള്ള അനുഭവം ഇനിമേലിൽ ഉണ്ടാകരുതെന്നാണ് ആവൃദ്ധദമ്പതികളും എന്നോട് പറഞ്ഞത്. വിശേഷിച്ചും കേരളത്തിൽ നിന്ന് പുറത്തുപോയി ജോലി ചെയ്യുന്നവർക്ക് ഇതുപോലുള്ള അനുഭവങ്ങൾ ധാരാളമാണ്. മുരളീധരൻ ആത്മഹത്യ ചെയ്തതാണെന്നാണ് അവിടത്തെ പോലീസ് പറയുന്നത്. ഈ കള്ളക്കഥയിൽ വിജയവാഡയിലെ ജനങ്ങൾക്ക് വിശേഷിച്ച് അവിടത്തെ മലയാളികൾക്ക് കടുത്ത അമർഷമുണ്ട്. കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ഈ സ്റ്റേഷനിൽ നാല് ലോക്കപ്പ് മരണങ്ങൾ നടന്നിട്ടുണ്ട്. ഈ വർഷത്തെ രണ്ടാമത്തെ ഇരയാണ് ഈ മുരളീധരൻ. രാജ്യത്തി

LIBRARY ARCHIVES Kerala Legislative Assembly

നുവേണ്ടി ജീവൻ നൽകാൻ തയ്യാറായ ഒരു കുടുംബത്തിനുണ്ടായ ദുരന്തത്തിൽ, പ്രത്യേകിച്ച് ആന്ധ്രപ്രദേശിൽ വിജയവാഡയിലെ നീതിപാലകരിൽനിന്ന് ഉണ്ടായിട്ടുള്ള ഈ ക്രൂരമായ നടപടിയിൽ ഞാൻ ശക്തമായി പ്രതിഷേധിക്കുന്നു. ഇതിന് അടിയന്തിര നടപടിയെടുക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഗവൺമെൻറിനോടും ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഔദ്യോഗികമായി സംസ്ഥാന ഗവൺമെൻറിന് വിവരമില്ലെങ്കിലും ഈ കാര്യത്തെ സംബന്ധിച്ച് കിട്ടിയിടത്തോളം വിവരം വെച്ച് നോക്കിയപ്പോൾ ശ്രീ. മുരളീധരൻറെ കയ്യിൽ കുറെ പണമുണ്ടായിരുന്നു. അദ്ദേഹത്തെ മാനസികമായി സുഖമില്ലാത്ത നിലയിൽ റെയിൽവേ സ്റ്റേഷനിൽവച്ച് കണ്ടപ്പോൾ അവിടെ എക്സ് ചേഞ്ചിൽ ജോലി ചെയ്തിരുന്ന ഒരു കൃഷ്ണൻ നായർ അദ്ദേഹം ഇങ്ങനെ അലഞ്ഞു നടന്നാൽ എന്തെങ്കിലും സംഭവിക്കുമെന്ന് പറഞ്ഞുകൊണ്ടാണ് സെപ്റ്റംബർ 16-ാം തീയതി പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയത്. പക്ഷേ, പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയതിൻറെ പിറ്റേദിവസം അദ്ദേഹം മരണപ്പെട്ടു. അങ്ങനെ മരണപ്പെട്ടതിനെക്കുറിച്ച് പരാതിയുമുണ്ടായി. അതിനെക്കുറിച്ച് നാട്ടുകാരും വളരെയധികം അജിറ്റേറ്റഡ് ആയിരുന്നു. അവസാനം അവിടത്തെ ഗവൺമെൻറ് അതേക്കുറിച്ച് ഒരു മജിസ്റ്റീരിയൽ എൻക്വയറി നടത്താമെന്ന് പ്രസ്താവിക്കുകയുണ്ടായി. എങ്കിലും ജനങ്ങൾക്ക് തൃപ്തിയാകാത്തതിനെത്തുടർന്ന് പ്രാദേശികമായി ആ നാട്ടുകാർ തന്നെ അതിന് മുൻകൈ എടുത്തു പ്രവർത്തിച്ചതിൻറെ ഫലമായി ആന്ധ്രാ പ്രദേശ് ഗവൺമെൻറ് ഒരു ജുഡീഷ്യൽ എൻക്വയറിക്ക് ഓർഡർ ചെയ്തിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്. അതുകൊണ്ട് ജുഡീഷ്യൽ എൻക്വയറിക്ക് ഓർഡർ ചെയ്ത സാഹചര്യത്തിൽ എന്തെങ്കിലും കൂടുതൽ ചെയ്യാനുണ്ടോ എന്ന് പരിശോധിച്ച് ആവശ്യമായ നടപടികളും സ്വീകരിക്കാൻ സംസ്ഥാന ഗവൺമെൻറ് തയ്യാറാണ്.

(5) തൃശ്ശൂരിൽ ശക്തൻ തമ്പുരാൻ നഗറിൽ ആരംഭിച്ചിരിക്കുന്ന പുതിയ ബസ് സ്റ്റാൻറ്

ശ്രീ. വി. കെ. രാജൻ: സർ, തൃശ്ശൂർ പട്ടണത്തിൽ നടപ്പിലാക്കിയ യാത്രക്കാരെ വലയ്ക്കുന്ന ട്രാഫിക് പരിഷ്ക്കാരത്തിൽ അടിയന്തിരമായ മാറ്റം വരുത്തണം. ഈ പരിഷ്ക്കാരം മൂലം യാത്രക്കാരുടെമേൽ അധിക സാമ്പത്തിക ഭാരവും വരുത്തിവച്ചിരിക്കുന്നു. ശക്തൻ തമ്പുരാൻ നഗറിൽ ആരംഭിച്ചിട്ടുള്ള പുതിയ ബസ് സ്റ്റാൻറിൽ പ്രാഥമികമായി വേണ്ടതായ യാതൊരു സൗകര്യങ്ങളും ഏർപ്പെടുത്താതെ ധൃതിപിടിച്ച് ഇത്തരം ഒരു പരിഷ്ക്കാരം നടപ്പിലാക്കിയതിൻറെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യാതെ വയ്യ. ജനങ്ങളുടെ ഇടയിൽ പല തരത്തിലുള്ള സംശയങ്ങളും ഇതുമൂലം നിലനിൽക്കുന്നു. സർക്കുലർ ബസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള തീരുമാനം യാത്രക്കാരെ ഞെക്കിപ്പിഴിയുന്നതിനുള്ള വഴിയൊരുക്കൽ മാത്രമാണ്. നഗരത്തിലേക്ക് പോകുന്ന യാത്രക്കാർ ഈ സർക്കുലർ ബസ്സുകളെ ആശ്രയിക്കുന്നതുകൊണ്ട് അവരുടെ യാത്രാച്ചെലവിൽ സാരമായ വർദ്ധനവുണ്ടാവുകയായിരിക്കും ഫലം. പല ബസ് ഉടമകളും സർക്കുലർ ബസ് പെർമിറ്റ് കിട്ടുന്നതിനുവേണ്ടി പതിനായിരക്കണക്കിന് രൂപ കോഴയുമായി ആർ. റ്റി. ഒ. മാരുടെ വീടുകളും കയറിയിറങ്ങി തുടങ്ങിയിട്ടുണ്ട്. സ്റ്റാൻറുകളെ ആശ്രയിക്കുന്ന യാത്രക്കാർക്ക് നടന്നുപോകുന്നതിനുള്ള സൗകര്യവും അപര്യാപ്തമാണ്. പട്ടാളം റോഡിലേക്കുള്ള സഞ്ചാരം അപകടകരവുമാണ്. സന്ധ്യ കഴിഞ്ഞാൽ ആ വഴി സ്ത്രീകൾക്കും കുട്ടികൾക്കും യാത്ര അസാദ്ധ്യമാണ്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly